# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T- 2109 - 18.06.2013-ലെ മറുപടിക്ക്**

## കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ്

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. ഇ. പി. ജയരാജൻ**<br>**ശ്രീ.കെ. രാധാകൃഷ്ണൻ**<br>**ശ്രീമതി പി. അയിഷാ പോറ്റി**<br>**ശ്രീ. എ. എം. ആരിഫ്** | **ശ്രീ. കെ. എം. മാണി**<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാനത്തെ നടത്തിപ്പ് പൊതുവിൽ അവലോകനം ചെയ്തിട്ടുണ്ടോ ;<br>(ബി) ചീഫ് സെക്രട്ടറി തലത്തിൽ നടന്ന ഏറ്റവും ഒടുവിലത്തെ അവലോകന യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കാമോ ; | അവലോകനം നടത്തിയിട്ടുണ്ട്. 25.05.2013-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന റിവ്യൂ മീറ്റിംഗിന്റെ മിനിട്സ് അനുബന്ധം.I ആയി ചേർക്കുന്നു. |
| (സി) കേന്ദ്രസർക്കാർ സംസ്ഥാന സർക്കാർ വഴി നടപ്പാക്കാൻ തീരുമാനിച്ച ഏതെല്ലാം പദ്ധതികളാണ് ഇപ്പോഴും സംസ്ഥാനത്ത് നടപ്പിലാക്കിത്തുടങ്ങിയിട്ടില്ലാത്തത്; നടപ്പിലാക്കി വരുന്നവ ഏതെല്ലാം; | 2012-13 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയിട്ടുള്ളതും, നടപ്പാക്കാത്തതുമായ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം.II ആയി ചേർക്കുന്നു. |

| | |
|---|---|
| (ഡി) കേന്ദ്ര പദ്ധതികൾ ഓരോന്നും വഴി മുൻ സാമ്പത്തിക വർഷം സംസ്ഥാനത്തിന് അർഹമായ തുകയുടെ എത്രശതമാനം വീതം നേടിയെടുക്കാൻ സാധിച്ചു എന്ന് പറയാമോ ; | 2012-13 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതി ഇനത്തിൽ 2176.60 കോടി രൂപ ലക്ഷ്യമിട്ടിരുന്നതിൽ 1592.69 കോടി രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട് (പ്രാഥമിക കണക്കുകൾ പ്രകാരം). |
| (ഇ) കേന്ദ്ര പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് മോണിറ്റർ ചെയ്യുന്നതിന് പ്രത്യേക സംവിധാനം എന്തെങ്കിലുമുണ്ടോ; വിശദമാക്കാമോ? | കേന്ദ്ര സർക്കാർ സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സെൻട്രൽ സെക്ടർ പ്രോജക്റ്റ് കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി യോഗം ചേർന്ന് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിലെ തടസ്സങ്ങൾ നീക്കുന്നതിന് ആവശ്യമായ തീരുമാനങ്ങൾ എടുത്തുവരുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**